"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.അബ്ദുൾ സലീമിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനെത്തുടർന്ന് നോഷണലായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.71/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 07.01.2020.**

പരാമർശം:
1) 04.02.2019-ലെ തസ്വഭവ-ഇആർഎ3/256/2018/തസ്വഭവ നമ്പർ സർക്കാർ വിജ്ഞാപനം.
2) 03.05.2019-ലെ സ.ഉ.(സാധാ) നം.932/2019/തസ്വഭവ
3) 13.06.2019-ലെ തസ്വഭവ-ഇആർഎ3/86/2019/തസ്വഭവ നമ്പർ സർക്കാർ വിജ്ഞാപനം.
4) 13.06.2019-ലെ സ.ഉ.(സാധാ) നം.1212/2019/തസ്വഭവ
5) 12.07.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ 13690/എസ്റ്റാ.എ.1/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായിരുന്ന ശ്രീ.അബ്ദുൾ സലീമിനെതിരെ അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ 2019-ലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തിയിരുന്നില്ല. പരാമർശം (2) ഉത്തരവ് പ്രകാരം, ടിയാളെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കിയ സാഹചര്യത്തിൽ, 27.05.2019-ൽ ചേർന്ന അഡ്ഹോക്ക് ഡി.പി.സി. ടിയാളുടെ സീനിയോറിറ്റി അടിസ്ഥാനമാക്കി സെലക്ട് ലിസ്റ്റിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും, പരാമർശം (3) പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അച്ചടക്ക നടപടിയിൽ നിന്നും ശ്രീ.അബ്ദുൾ സലീമിനെ കുറ്റവിമുക്തനാക്കി ഉത്തരവാകുകയും, സ്ഥാനക്കയറ്റത്തിനുള്ള അർഹത ഡി.പി.സി. പരിഗണിച്ച്, സീനിയോറിറ്റി പുനഃസ്ഥാപിച്ച് ടിയാളെ സെലക്ട് ലിസ്റ്റിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ, ടിയാളുടെ ജൂനിയറായ ശ്രീ.പി.ഡി.ഫിലിപ്പ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി ചുമതലയേറ്റ തീയതി മുതൽ ടിയാന് നോഷണലായി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി പരാമർശം (5) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.എസ്.അബ്ദുൾ സലീമിന്റെ ജൂനിയർ ശ്രീ.പി.ഡി.ഫിലിപ്പ്, പരാമർശം (4) ഉത്തരവ് പ്രകാരം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ ചാർജെടുത്ത തീയതി പ്രാബല്യത്തിൽ ശ്രീ.കെ.എസ്. അബ്ദുൾ സലീമിന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ, ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക്

അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ, നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.കെ.എസ്. അബ്ദുൾ സലീം, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ